ആദിവാസി മേഖലയിലെ ശിശുമരണം

335 (675) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസി മേഖലയിൽ ഇപ്പോഴും ശിശുമരണങ്ങൾ സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ച അവലോകനത്തിന്റെ വിശദവിവരം വെളിപ്പെടുത്തുമോ ;

(സി) ഈ മേഖലയിലെ ശിശുമരണം തടയുന്നതിനും രോഗപ്രതിരോധം സാധ്യമാക്കുന്നതിനും സ്വീകരിച്ച നടപടികൾ ഫലപ്രദമായിട്ടില്ലെങ്കിൽ ആയതിന്റെ കാരണം കണ്ടെത്തിയിട്ടുണ്ടോ ; ഈ കാരണങ്ങൾ ഒഴിവാക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനതലത്തിൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ പട്ടികവർഗ്ഗ യുവജനകാര്യ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടക്കുന്ന അവലോകന യോഗങ്ങളിൽ ആവിഷ്കരിച്ച പ്രോജക്ടുകൾ കാര്യക്ഷമമായും സമയബന്ധിതമായും നിർവ്വഹിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. 6-6-2013 ന് ബഹു. മുഖ്യമന്ത്രിയും പട്ടികവർഗ്ഗ വികസന വകുപ്പ മന്ത്രിയും ഗ്രാമവികസന വകുപ്പു മന്ത്രിയും, തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയും ആരോഗ്യ വകുപ്പുമന്ത്രിയും അട്ടപ്പാടി സന്ദർശിച്ച് ബന്ധപ്പെട്ട ജില്ലാതല ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശം നൽകുകയുണ്ടായി. തുടർന്ന് 10-11-14, 11-11-14 തിയതികളിൽ ബഹു. വകുപ്പുമന്ത്രി വീണ്ടും അട്ടപ്പാടി സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തുകയുണ്ടായി കൂടാതെ സംസ്ഥാനതലത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാന പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ ഉപാദ്ധ്യക്ഷനായുള്ള സമിതി 8-10-2013, 19-2-2014, 13-6-2014 തിയതികളിൽ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

യോഗം ചേർന്ന് അട്ടപ്പാടിയിലെ വിവിധ വകപ്പുകളുടെ പ്രവർത്തനം വിലയിരുത്തി പട്ടികവർഗ്ഗക്കാരുടെ സ്ഥായിയായ വികസനത്തിനുള്ള മാർഗ്ഗനിർദ്ദേശം സംസ്ഥാനതല ഉദ്യോഗസ്ഥർക്ക് നൽകിവരുന്നു. ഇതിനുപുറമേ അട്ടപ്പാടിയിലെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്ന ദൗത്യം നിർവ്വഹിക്കുന്നതിന് സ്പെഷ്യൽ ഓഫീസറായ എസ്. സുബ്ബയ്യ, ഐ.എ.എസ്സ് . (റിട്ട)നെ നിയോഗിക്കുകയും ടിയാന്റെ അദ്ധ്യക്ഷതയിൽ എല്ലാ മാസവും കൃത്യമായി അട്ടപ്പാടിയിലെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്തു വരുന്നു.

ഈ മേഖലയിലെ വിവിധ വികസന പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി 19-11-2014-ൽ സ.ഉ. (സാധാ) നമ്പർ 3030/2014/ആഭ്യന്തരം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഐ.എ.എസ്സ്. കേഡറിലുള്ള ഒറ്റപ്പാലം സബ്കളക്ടർ ശ്രീ.നൂഹ്.പി.ബി. യെ നോഡൽ ഓഫീസറായും സൈലന്റ് വാലി നാഷണൽ പാർക്ക് വൈൽഡ് ലൈഫ് വാർഡൻ കുമാരി.ശിൽപ്പയെ അട്ടപ്പാടി ബ്ലോക്കിലെ സ്പെഷ്യൽ ഓഫീസറായും നിയമിച്ചിട്ടുണ്ട് (പകർപ്പ് അനുബന്ധമായി ചേർക്കുന്നു)*

(സി) വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ ശിശുമരണം തടയുന്നതിന് നടപടികൾ ഫലപ്രദമായി നടത്തിവരുന്നു.

ആദിവാസി ശിശുമരണ റിപ്പോർട്ട്

336 (676) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കായികബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ സംസ്ഥാനത്ത് ആകെ എത്ര ആദിവാസി ശിശുമരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;